സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ ഉപവാസം ? (58:5-7). ഈയർത്ഥത്തിൽ "ദൈവത്തോടു ചാരെ വസിക്കുന്ന ഉപവാസികളാകാൻ നാം ഒരുപാട് ദൂരം മുന്നോട്ട് പോകാനുണ്ട്.

പലപ്പോഴും നമ്മുടെ ഉപവാസം വെറും ശാരീരിക ഭക്ഷണത്തിന്റെ വർജ്ജനമായി തരം താണിരിക്കുന്നു. ദൈവിക പ്രമാണങ്ങൾക്കും ധാർമ്മിക നിയമങ്ങൾക്കും മാനുഷിക നീതിക്കും മനുഷ്യത്വത്തിനും ഒട്ടും വില കല്പിക്കാത്ത "ദൈവത്തോടുചാരെ വസിക്കുന്ന ഉപവാസം". അപ്പത്തിന്റെയും അത്ഭുതത്തിന്റെയും അധികാരത്തിന്റെയും പിന്നാലെ പരക്കം പായുന്ന ജനം. അപ്പം കിട്ടിയാൽ സംതൃപ്തി ഇല്ലെങ്കിൽ മുറുമുറുപ്പ് (പുറ. 16:2-3); അത്ഭുതം കണ്ടാൽ വിശ്വാസം (പുറ.14:31), ഇല്ലെങ്കിൽ ആവലാതി (17:3); അധികാരം കിട്ടിയാൽ സന്തോഷം (18:23) ഇല്ലെങ്കിൽ ധിക്കാരം (32:1-6; നിയമ. 9:7-29) എന്നതായിരിക്കുന്നു നമ്മുടെ അവസ്ഥ. പഴയ ദൈവമക്കളുടെ (ഇസ്രായേൽ മക്കളുടെ) തെറ്റ് പുതിയ ദൈവമക്കളും (ക്രിസ്ത്യാനികൾ) ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ചരിത്രം ആവർത്തിക്കാനുള്ള വിളിയല്ല നമ്മുടേത്, ചരിത്രം തിരുത്തിക്കുറിക്കാനുള്ള വിളിയാണ്. ഈശോയുടെ കുരിശും നമ്മുടെ കുരിശുകളും സഹനങ്ങളും ചേർന്നൊരുക്കുന്ന രക്ഷയുടെ തികവ് ഈ നോമ്പുകാലത്ത് നമുക്ക് അനുഭവിച്ചറിയാം. പ്രാർത്ഥിച്ചും ഉപവസിച്ചും പരീക്ഷകളെ നേരിട്ടും അതിനായി നമുക്കൊരുങ്ങാം.

നമുക്കുവേണ്ടി അവസാനതുള്ളി രക്തം വരെ ചീന്തി മരിക്കുകയും പാപത്തേയും മരണത്തേയും അതിജീവിച്ച് ഉയിർത്തെഴുന്നേല്ക്കുകയും ചെയ്ത ഈശോമിശിഹാ ഈ നോമ്പുകാല തീർത്ഥാടനത്തിൽ നമ്മുടെ കൂടെ നിന്ന് നമ്മെ ശക്തിപ്പെടുത്തട്ടെ. പ. അമ്മയും വി. മാർത്തോമ്മാശ്ലീഹായും വി. അൽഫോൻസായും ഈ യജ്ഞത്തിൽ നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥരാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം
ഈശോയിൽ നിങ്ങളുടെ വത്സലപിതാവ്

+ Paul

**മാർ പോൾ ആലപ്പാട്ട്**
രാമനാഥപുരം രൂപതാ മെത്രാൻ

NB : ഈ ഇടയലേഖനം 03.03.2019 ഞായറാഴ്ച രൂപതയിലെ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും പൊതുജനത്തിനുവേണ്ടി ദിവ്യബലിയർപ്പിക്കപ്പെടുന്ന സന്ന്യാസഭവനങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കണം. + PA





No. 55/2019 PL-1
16-02-2019

# ഇടയലേഖനം

പോൾ ആലപ്പാട്ട്

**ദൈവകൃപയാലും സഭാനേതൃത്വത്തിന്റെ അനുഗ്രഹത്താലും**
**രാമനാഥപുരം രൂപതാ മെത്രാൻ**

## നോമ്പുകാലം - രക്ഷയുടെ അനുഭവകാലം

ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

ദൈവപരിപാലനയിൽ നാം വീണ്ടുമൊരു അമ്പതുനോമ്പ് കാലഘട്ടത്തിലേക്ക് പ്രവേശിക്കുകയാണ്. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം തന്റെ യഥാർത്ഥ തനിമ തനിക്കും മറ്റുള്ളവർക്കും ബോദ്ധ്യപ്പെടുന്ന കാലഘട്ടം. അതുകൊണ്ടാണല്ലോ സഭാ പിതാക്കന്മാർ ഇപ്രകാരം നമ്മെ ഓർമ്മപ്പെടുത്തുന്നത് : "ആഗോള സഭയുടെ വാർഷിക ധ്യാനമാണ് നോമ്പുകാലം". രക്ഷാകര ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവമായ ഈശോമിശിഹായുടെ പീഡാനുഭവത്തേയും കുരിശുമരണത്തേയും കേന്ദ്രീകരിച്ചുള്ള കാലമാണ് നോമ്പുകാലം. കുരിശുമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയുമാണ് അവിടുന്ന് നമുക്ക് പാപമോചനവും രക്ഷയും നേടി തന്നത് (1 കോറി 15 : 3-4) എന്ന് ബോധ്യപ്പെടുന്ന കാലഘട്ടം. കുരിശും കുരിശിനപ്പുറത്തുള്ള മഹത്വവുമാണ് രക്ഷയുടെ മാർഗ്ഗം. അവിടുന്ന് നേടിത്തന്ന രക്ഷ സ്വായത്തമാക്കാൻ ആഗ്രഹിക്കുന്ന നമ്മുടെ മാർഗ്ഗവും കുരിശിന്റേതുതന്നെ. അതായത് സഹനത്തിന്റെയും സ്വന്തം ഇഷ്ടം ത്യജിക്കുന്നതിന്റെയും ജീവിതവും ശൈലിയും.

ഈശോ തന്റെ രക്ഷാകര ബലിയ്ക്കും മഹത്ത്വീകരണത്തിനും എങ്ങനെയൊരുങ്ങിയെന്ന് അവിടുത്തെ രഹസ്യജീവിതവും (ലൂക്കാ. 2:52) മാമ്മോദീസാക്കുശേഷമുള്ള നാല്പത് ദിനരാത്രങ്ങൾ ദീർഘിച്ച പ്രാർത്ഥന - ഉപവാസവും (മത്താ. 4:11) സാക്ഷ്യപ്പെടുത്തുന്നുണ്ട്. അരൂപിയാൽ നിറഞ്ഞ് (മത്താ. 3:16) അരൂപിയാൽത്തന്നെ ആനീതനായാണ് (മത്താ. 4:1) മരുഭൂമിയിലേയ്ക്ക് അവിടുന്ന് കടന്നുചെന്നത്. ആത്മാവിനാൽ നിറഞ്ഞ്, ആത്മാവിനാൽ നയിക്കപ്പെടുന്ന അവസ്ഥ ദൈവൈക്യത്തിന്റെ അവസ്ഥയാണ്, പ്രാർത്ഥനയുടെ അവസ്ഥയാണ്. സുവിശേഷകൻ ഇവിടെ അർത്ഥമാക്കുന്നത് അവിടുന്ന് നാല്പതു

ദിവസം ആഹാര പാനീയങ്ങൾ ഉപേക്ഷിച്ച് ഏകാന്തതയിൽ ദൈവൈ കൃത്തിലും പ്രാർത്ഥനയിലും ചിലവഴിച്ചുവെന്നാണ്. "ഉപവസിക്കുക" എന്നതിന്റെ അർത്ഥം ദൈവത്തോടു "ചാരെ വസിച്ചു", ദൈവത്തോടു "ചേർന്നുവസിച്ചു" എന്നാണ്. താൻ മുങ്ങിയ മാമ്മോദീസയുടെ അർത്ഥമെന്ത്? തന്നെ സംബന്ധിച്ച് പിതാവിന്റെ ഇഷ്ടമെന്ത്? എന്നിവ യെപ്പറ്റി പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും അവിടുന്ന് നേടിയെടുത്ത ഉൾക്കാഴ്ചകൾ ഈശോയുടെ ജീവിതത്തിൽ പരീക്ഷക ളിലൂടെ സ്ഫുടം ചെയ്യപ്പെട്ടു.

ഈശോയ്ക്ക് ജോർദ്ദാൻ നദിയിലെ മാമ്മോദീസായിലൂടെ ലഭിച്ച ഉൾക്കാഴ്ചകൾ ഏവയായിരുന്നു? (a) താൻ ദൈവപുത്രനാണ് (b) തനിക്ക് ഈ ലോകത്തിൽ ഒരു ദൗത്യമുണ്ട് (c) അതിന്റെ പേരിൽ തനിക്ക് ഏറെ സഹിക്കേണ്ടിവരും. ക്രിസ്തുശിഷ്യത്വത്തിൽ വളരാൻ ഇത്തരം ഉൾക്കാഴ്ചകൾ നമുക്കും ആവശ്യമാണ്. ഇവയിൽ വളരാനും സ്വയം രൂപാന്തരപ്പെടാനുമുള്ള ക്ഷണമാണ് ഈ നോമ്പുകാലത്ത് സഭ നടത്തുന്നത്.

ലോകരക്ഷയ്ക്കായി ഈശോ തിരഞ്ഞെടുത്ത മാർഗ്ഗം തന്നെയാണ് നമ്മുടെ രക്ഷയ്ക്കായി നാമും തിരഞ്ഞെടുക്കേണ്ടത്. അത് കുരിശിന്റെ മാർഗ്ഗം തന്നെയാണ് - സ്വയം രക്ഷയ്ക്കും മറ്റുള്ളവരുടെ രക്ഷയ്ക്കു മായി സഹനങ്ങൾ നല്ല മനസ്സോടെ സ്വീകരിക്കുക, സ്വന്തം ഇഷ്ടം ത്യജിക്കാൻ തയ്യാറാക്കുക. "സ്വന്തം കുരിശുമെടുത്ത് എന്നെ അനുഗമി ക്കാത്തവൻ എനിയ്ക്ക് യോഗ്യനല്ല" (മത്താ. 10:38) എന്ന ദിവ്യഗുരു വിന്റെ പ്രബോധനം നമുക്ക് ഓർക്കാം. ഉപവാസവും പ്രാർത്ഥനയും വഴി നാം നമ്മെത്തന്നെ സജ്ജമാക്കിയാലെ ക്രിസ്തുമാർഗ്ഗത്തിൽനിന്ന് നമ്മെ വ്യതിചലിപ്പിക്കുന്ന പരീക്ഷകൾക്കെതിരെ ശക്തമായി നിലപാ ടെടുക്കാൻ നമുക്ക് കഴിയൂ.

നോമ്പുകാലത്തെ നമ്മുടെ പ്രാർത്ഥനയും ഉപവാസവും എങ്ങനെ? "ദൈവിക വാഗ്ദാനങ്ങളിൽ ഉറപ്പിക്കപ്പെട്ട ഒരു മനസ്സിന്റെ രൂപവല്ക്കര ണമാണ് നോമ്പിന്റെ ലക്ഷ്യമെന്ന് പ്രബോധിപ്പിക്കുന്ന സഭാ പിതാ വായ വി. ആംബ്രോസ് പറയുന്നു : "ഉപവാസം ആന്തരികതയുടെ ഉയിർത്തെഴുന്നേല്പ്പ് സാധ്യമാക്കുന്ന ആത്മാവിന്റെ ഭക്ഷണമാണ്". അതായത്, വിലക്കപ്പെട്ട കനി ഭക്ഷിച്ചത് പറുദീസ നഷ്ടപ്പെടുത്തിയെ ങ്കിൽ അനുവദിക്കപ്പെട്ട ഭോജനം വർജ്ജിക്കുന്നതിലൂടെ പറുദീസയി ലേയ്ക്ക് പുനഃപ്രവേശനം ലഭിക്കും.

നോമ്പുകാലത്ത് സഭ ഉപവാസത്തിലൂടെ ആത്മവീര്യം വീണ്ടെടുക്കു ന്നു. മോശയെ മിദിയാനിലേയ്ക്കും സ്നാപകനെ മരുഭൂമിയിലേയ്ക്കു മെന്നപോലെ മരുഭൂമിയിലേയ്ക്കും, ഈശോയേയും പത്രോസിനേയും മലമുകളിലേയ്ക്ക് എന്നപോലെ മലമുകളിലേക്കും, ഇക്കാലഘട്ട





ത്തിൽ തനയരെ സഭ ക്ഷണിക്കുന്നു. ആ ക്ഷണം രൂപാന്തരീകരണത്തി നുവേണ്ടി മരുഭൂമിയുടെയും മലയുടെയും ഏകാന്തതയിലേയ്ക്കാണ് - ഉപവസിച്ചുകൊണ്ടുള്ള പ്രാർത്ഥനയിലേയ്ക്ക്. ദൈവികതയുടെ ആഴവും ഭൗതികതയുടെ നിസ്സാരതയും തിരിച്ചറിയാൻ ഈ തീർത്ഥാ ടനം ഏറെ നമുക്ക് സഹായകമാകും.

സഭയ്ക്കുള്ളിലും പുറത്തും നിന്ന് ഒരുപാടു വെല്ലുവിളികളും പ്രതിസ ന്ധികളും എതിർപ്പുകളും നേരിടേണ്ടിവരുന്ന പശ്ചാത്തലത്തിലാണ് നാം നോമ്പു കാലഘട്ടത്തിലേയ്ക്ക് പ്രവേശിക്കുന്നത്. സഭാ നേതൃത്വ ത്തേയും സഭാതനയരേയും രണ്ടു തട്ടുകളിലാക്കി സഭയിൽ വിള്ളലു ണ്ടാക്കാനും സഭയെ ദുർബലപ്പെടുത്താനും ആസൂത്രിത നീക്കമുള്ള കാര്യം നമുക്ക് നിഷേധിക്കാൻ കഴിയുകയില്ല. ഇക്കാര്യത്തിന് സഭാത നയർ ചിലർത്തന്നെ കൂട്ടുനിൽക്കുന്നുവെന്നകാര്യം ഏറെ ദുഃഖകരവും അപലപനീയവുമാണ്. ഈ പ്രത്യേക സാഹചര്യം നേരിടാൻ ഈശോയും വി. പൗലോസ് ശ്ലീഹായും നമുക്ക് നിർദ്ദേശിച്ചു തരുന്നത് പൈശാചിക ശക്തികൾക്കെതിരെയുള്ള ആത്മീയ സമരമാണ് (എഫേ. 6:10-17). ഈശോ തന്റെ ജീവിതമാതൃകയിലൂടെ നമ്മെ പഠി പ്പിച്ച "അഹിംസയുടെ സഹന സമര സിദ്ധാന്ത"മാണ് ഇത്തരുണ ത്തിൽ നമ്മുടെ ഏറ്റവും വലിയ ആയുധവും ശക്തിയും പ്രചോദനവും. ഉപവാസത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും പിൻബലമുള്ള പ്രാർത്ഥനയാണ് ഈശോയുമായുള്ള ബന്ധത്തിലും സഭാ കൂട്ടായ്മ യിലും ശക്തിപ്പെടാനുള്ള ഏറ്റവും പ്പറ്റിയമാർഗ്ഗം.

ഉപവാസമെന്ന് പറയുന്നത് ശാരീരിക ഭക്ഷണം വർജ്ജിക്കൽ മാത്രമല്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, അത് ദൈവത്തോടു ചേർന്ന് വസിക്കലാണ്. ശാരീരിക ഭക്ഷണം ഉപേക്ഷിച്ചതുകൊണ്ടുമാത്രം ദൈവത്തോടു ചാരെ വസിക്കാൻ കഴിയുകയില്ല. ദൈവത്തിന്റെ പ്രമാ ണങ്ങളോടും വചനത്തോടും ആഭിമുഖ്യവും വിധേയത്വവുമില്ലാതെ യുള്ള ശാരീരിക ഭക്ഷണത്തിന്റെ വർജ്ജനം വെറും കാപട്യമായെ കാണാൻ കഴിയൂ. അത്തരം ഉപവാസം അർത്ഥരഹിതവും പ്രയോജനര ഹിതവുമാണ്. ഉപവാസത്തെപ്പറ്റിയുള്ള ഏശയ്യാ പ്രവാചകന്റെ ആഹ്വാനം ഇക്കാര്യം വളരെ വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ ഭാഷ യിൽ ഒരു ദിവസത്തേയ്ക്ക് ഒരുവനെ എളിമപ്പെടുത്തുന്നതല്ല ഉപവാ സം. ഞാങ്കണപോലെ തലകുനിയ്ക്കുന്നതും ചാക്കുവിരിച്ച് ചാരവും വിതറി കിടക്കുന്നതുമല്ല ഉപവാസം; മറിച്ച് അദ്ദേഹം പ്രസ്താവി ക്കുന്നു: "............ ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുക ത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനര ഹിതരെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും